**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 353** **04.06.2018-ൽ മറുപടിക്ക്**

സംസ്ഥാനത്തെ വൈറോളജി ലാബുകൾ

**ചോദ്യം**

**ശ്രീ.കെ.എൻ.എ,ഖാദർ**

**മറുപടി**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പലതരം പകർച്ചപ്പനികളും വൈറസ് രോഗങ്ങളും വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും സംസ്ഥാനത്ത് ആവശ്യമായ വൈറോളജി ലാബുകൾ ഇല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ആലപ്പുഴയിൽ നിലവിലുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ മാരകമായ പല വൈറസ് രോഗങ്ങളും നിർണ്ണയിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ആലപ്പുഴ ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ മാരകമായ പല വൈറസ് രോഗങ്ങളും നിർണ്ണയിക്കുന്നതിന് ആവശ്യമായ സ്റ്റാഫുകളും റീ-ഏജന്റുകളും ഉപകരണങ്ങളും ഉണ്ട്. |
| (സി) | മാരകമായ വൈറസ് രോഗബാധ നിർണ്ണയത്തിന് ഇപ്പോൾ സംസ്ഥാനം സ്വീകരിച്ചുവരുന്ന രീതി എന്തെന്നും ഇതിനു വരുന്ന ചെലവ് എത്രയെന്നും അറിയിക്കുമോ; | (സി) | ബയോസേഫ്റ്റി ലെവൽ 2 വരെയുള്ള പരിശോധനകൾ കോളേജാശുപത്രിയോട് ചേർന്ന് പ്രവർത്തിക്കുന്ന എൻ.ഐ.വി സൗജന്യമായി ചെയ്തു വരുന്നുണ്ട്. ബയോസേഫ്റ്റി 4- ൽ വരുന്ന ടെസ്റ്റുകൾ ചെയ്യുന്നില്ല . |
| (ഡി) | വർദ്ധിച്ചുവരുന്ന വൈറസ് രോഗങ്ങൾ കാലതാമസം കൂടാതെ നിർണ്ണയിച്ച് വേണ്ട ചികിത്സകൾ നൽകുന്നതിലേക്കായി സംസ്ഥാനത്ത് കൂടുതൽ വൈറോളജി ലാബുകൾ തുടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | തിരുവനന്തപുരത്തു ലൈഫ് സയൻസ് പാർക്കിൽ അത്യന്താധുനിക സൗകര്യങ്ങളോടെ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**